**തിരുവനന്തപുരത്ത് പഠിച്ച മൂന്നു വർഷത്തിൽ പലതവണ പദ്മനാഭസ്വാമി ക്ഷേത്രത്തിൽ പോയി പോയി. വിവാഹശേഷവും രണ്ടുമൂന്നുതവണ പോയി. അന്നൊക്കെ വലിയ തിരക്കില്ലാതെ (ഗുരുവായൂരുമായി താരതമ്യപ്പെടുത്തുമ്പോൾ ഒട്ടും തിരക്കില്ലാതെ) സ്വൈര്യമായി പ്രാർത്ഥിക്കാവുന്ന സ്ഥലം. നിലവറകളെക്കുറിച്ചോ നിധിയെ കുറിച്ചോ ആരും അന്ന് ചിന്തിച്ചിട്ടുപോലുമുണ്ടാവില്ല**

# അനന്തപുരിയിലെ വിസ്മയം



പ്രഭാ നാരായണപിള്ള

ഞാൻ അഞ്ചാം ക്ളാസിൽ പഠിക്കുമ്പോഴാണ് ആദ്യമായി തിരുവനന്തപുരമെന്ന നഗരം കാണുന്നത്. ഞാനന്ന് താമസിച്ചിരുന്ന തേനൂരെന്ന (പാലക്കാട്) സ്ഥലത്ത് വൈദ്യുതി വിളക്കുകൾ എത്തിയിരുന്നില്ല. രാത്രിയായാൽ എനിക്ക് പേടിയാവും. പാമ്പുകൾ, തേളുകൾ, കൽക്കുന്നൻ (പഴുതാര എന്നാണ് ചിലയിടങ്ങളിൽ ഇതിനെ പറയുന്നത്), പിന്നെ പ്രേതങ്ങൾ - പേടിക്കാനുള്ളവയുടെ ലിസ്റ്റ് നീണ്ടതാണ്.

തിരുവനന്തപുരത്തെനിക്കേറെ ഇഷ്ടപ്പെട്ടത് വെളിച്ചമായിരുന്നു. രാത്രിയിലും റോഡിലും വീടിനുള്ളിലുമൊക്കെ നല്ല വെളിച്ചം. മ്യൂസിയം, കാഴ്ച ബംഗ്ലാവ്, ശംഖുമുഖം, കോവളം - പല സ്ഥലത്തും ഞങ്ങൾ പോയി. കൂട്ടത്തിൽ ഒരു വലിയ അമ്പലത്തിലും. ഗുരുവായൂരിനെക്കാൾ വലിയൊരമ്പലം ആദ്യമായാണ് ഞാൻ കാണുന്നത്. കുറെ പടവുകൾകയറി പോകുന്ന ഒരു വശത്ത് വലിയൊരു തീർത്ഥക്കുളമുള്ള ആ അമ്പലം പദ്മനാഭസ്വാമി ക്ഷേത്രമാണെന്ന് അപ്പോൾ ഞാനറിഞ്ഞില്ല. എനിക്കന്ന് ഏറ്റവും ഇഷ്ടപ്പെട്ടത് ക്ഷേത്രത്തിലേക്ക് പോകുന്നവഴി കണ്ട ക്ളോക്കാണ്. മേത്തൻമണി എന്നാണതിന്റെ പേരെന്ന് ചെറിയമ്മ പറഞ്ഞുതന്നു. സമയമറിയിക്കുന്ന മണി അടിച്ചുതുടങ്ങുമ്പോൾ ഇരുവശത്തുമുള്ള ആടുകൾ ഇളകാൻ തുടങ്ങും. മണി അടിക്കുന്നതിനൊപ്പം ആടുകൾക്ക് നടുവിൽ ഉള്ള ഒരു മുസ്ലിം മുഖത്തിന്റെ ഇരുവശങ്ങളിലും അവ വന്നിടിക്കുകയും മുഖത്തിന്റെ വായ തുറക്കുകയും ചെയ്യുന്നത് നല്ല രസമുള്ള കാഴ്ചയായിരുന്നു.

അമ്പലത്തിനുള്ളിൽ വിശാലമായ സ്ഥലം, തൂണുകൾ, ഗോപുരം, അവസാനം വിഗ്രഹം. മൂന്നു വാതിലിൽ കൂടി മാത്രം കാണാവുന്ന അനന്തശയനത്തിലുള്ള മഹാവിഷ്ണു. നാഭിയിലുള്ള താമരയിൽ ബ്രഹ്മാവ്. വില്വമംഗലം സ്വാമിയാർ തനിക്ക് കാണാതായ കൃഷ്ണനെ തേടി അലഞ്ഞതും അവസാനം കൃഷ്ണനെ കണ്ടെത്തിയതുമായ സ്ഥലമാണിതെന്ന് അമ്മൂമ്മ പറഞ്ഞുതന്നു. ശ്രീകോവിലിനു പുറകിൽ സമുദ്രം തിരയടിക്കുന്ന ശബ്ദം (അത് പാലാഴിയാവുമെന്നാണ്) ചെവി ചുമരോട് ചേർത്ത് വച്ചാൽ കേൾക്കുമെന്ന് പറഞ്ഞു.

പിന്നെ തിരുവനന്തപുരത്ത് പഠിച്ച മൂന്നു വർഷത്തിൽ പലതവണ ആ അമ്പലത്തിൽ പോയി. വിവാഹശേഷവും രണ്ടുമൂന്നുതവണ പോയി. അന്നൊക്കെ വലിയ തിരക്കില്ലാതെ (ഗുരുവായൂരുമായി താരതമ്യപ്പെടുത്തുമ്പോൾ ഒട്ടും തിരക്കില്ലാതെ) സ്വൈര്യമായി പ്രാർത്ഥിക്കാവുന്ന സ്ഥലം. നിലവറകളെക്കുറിച്ചോ നിധിയെ കുറിച്ചോ ആരും അന്ന് ചിന്തിച്ചിട്ടുപോലുമുണ്ടാവില്ല.

പെട്ടെന്നാണ് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള മാദ്ധ്യമങ്ങളിൽ ഈ ക്ഷേത്രം നിറഞ്ഞുനിൽക്കാൻ തുടങ്ങിയത്. വിവരാവകാശ നിയമപ്രകാരം നിലവറകൾ തുറന്ന് അതിനകത്തുള്ളത് അറിയണമെന്ന ഒരു പൗരന്റെ ആവശ്യപ്രകാരം കോടതി അവ തുറന്നു നോക്കാൻ പറഞ്ഞപ്പോൾ ആരും ഇത്ര വലിയ ഒരു നിധിശേഖരം പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. വില മതിക്കാനാകാത്ത ആഭരണങ്ങളും രത്നങ്ങളും നാണയങ്ങളുമൊക്കെയായി ഒരു ലക്ഷം കോടി ഉറുപ്പികയുടെ ശേഖരമാണ് പുറത്തുവന്നത്. (ഇനിയും തുറക്കാത്ത ചില നിലവറകൾ വേറെയും). പദ്മനാഭ സ്വാമി ഇന്ത്യയിലും ലോകത്തിലും പ്രസിദ്ധനായി, തിരുപ്പതി ദേവനെക്കാൾ ധനികൻ എന്ന പ്രസിദ്ധി (ദേവന്മാരിലും ദരിദ്രരും ധനികരും അതിധനികരും ഉണ്ടല്ലോ).

പക്ഷേ അതിലുപരി പ്രസിദ്ധമായത് തിരുവിതാംകൂർ രാജവംശമാണ്. പഴയ രാജഭരണമല്ലേ ഇന്നത്തെ ജനാധിപത്യ ഭരണത്തെക്കാൾ മെച്ചമെന്നാണിപ്പോൾ ജനങ്ങ



ളുടെ സംസാരവിഷയം. രാജ്യം ഭരിക്കുവാൻ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഭരണകർത്താക്കൾ ഇന്ന് വരവിൽ കവിഞ്ഞ് സമ്പാദിച്ചുകൂട്ടുന്നതൊക്കെ രാജ്യത്തിനു വെളിയിൽ സ്വിസ് ബാങ്കുകൾ പോലുള്ളവയിൽ നിക്ഷേപിക്കുമ്പോൾ തിരുവിതാംകൂർ രാജാക്കന്മാർ രാജ്യത്തിനുവേണ്ടി സ്വരൂപിച്ച ധനം  അവർ ആരാധിച്ച പദ്മനാഭസ്വാമിയുടെ ക്ഷേത്രത്തിൽ തന്നെ സൂക്ഷിക്കുകയാണ് ചെയ്തത്. അതവർ രാജവംശത്തിന്റെ സ്വകാര്യ സ്വത്താക്കിയില്ല. സ്വതന്ത്ര ഇന്ത്യയിൽ ലയിക്കുന്നതിനു മുൻപ് വേണമെങ്കിലവർക്ക് അപ്പോളത് സ്വന്തമാക്കാമായിരുന്നു. അവരതും ചെയ്തില്ല. നിധി കണക്കുകൾ പരസ്യമാക്കിയപ്പോൾ അവർക്കതിൽ അവകാശം ഉന്നയിക്കാമായിരുന്നു. അവരതിനും മുതിർന്നില്ല.

വേണ്ടെന്ന് വയ്ക്കുന്ന പഴയ ഭരണാധികാരികളും എല്ലാം കൈയിട്ട് വാരാൻ ശ്രമിക്കുന്ന പുതിയ തിരഞ്ഞെടുക്കപ്പെട്ടവരുമായി ഒരു താരതമ്യം ജനങ്ങൾ മനസ്സിലെങ്കിലും നടത്തിയിരിക്കാം. ഒരു വീടും അതിലെ മുതിർന്നവരും – അവരെപ്പോഴും ആഗ്രഹിക്കുന്നത് അതിലെ എല്ലാ അംഗങ്ങളുടെയും സുഖവും സമാധാനവുമാണ്. ജീവിതാവസാനം വരെ ആ വീട് അവരുടെ സ്വന്തമാണ് എന്നതുകൊണ്ടുതന്നെ അതിന്റെ സുരക്ഷ, സമ്പന്നത, സമൃദ്ധി, സമാധാനം ഒക്കെ അതിലുള്ളവരുടെ ഉത്തരവാദിത്തമായി അവർ കണക്കാക്കുന്നു. അതേ വീട് ഓരോ അഞ്ചുവർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട ചിലർ അവകാശപ്പെട്ടതാവുമ്പോഴോ? അടുത്ത തിരഞ്ഞെടുപ്പിൽ ജയിക്കുന്നതാരാണെന്നറിയില്ല, ജയിച്ചവർക്കുള്ളിൽ തന്നെ ഭരിക്കാൻ നിയുക്തരാവുന്നവർ ആരാണെന്നറിയില്ല – ഇത്തരമൊരു അവസ്ഥയിൽ ഭരണം കിട്ടുന്നവർ എന്താണ് ചെയ്യുക? എത്രയും ചുരുങ്ങിയ സമയത്ത് എത്രയധികം സ്വരുക്കൂട്ടാൻ കഴിയും എന്നതാവില്ലേ ഭരണക്കസേരയിലിരിക്കുന്നവരുടെ നോട്ടം?

ഇനി ഏതെങ്കിലും ഭരണാധികാരികൾ എന്തെങ്കിലും ജനനന്മ ചെയ്യാനാഗ്രഹിക്കുന്നുവെങ്കിലത് പ്രാവർത്തികമാക്കാൻ തടസങ്ങളുമായി പ്രതിപക്ഷം രംഗത്തുണ്ടാവും. ഭരണകക്ഷി ചെയ്യുന്നതൊക്കെ എതിർക്കുക എന്നതാണ് പ്രതിപക്ഷത്തിന്റെ ജോലി.

ഏതോ ചാനലിൽ അഴീക്കോട് മാഷ് പറയുന്നതു കേട്ടു – ഭരണത്തിലേക്ക് തിരഞ്ഞെടുത്ത് അയയ്ക്കുന്നവരുടെ പ്രവൃത്തികൾ ശരിയല്ലെന്ന് കണ്ടാലവരെ, അഞ്ചു വർഷം പൂർത്തിയാക്കാൻ നിൽക്കാതെതന്നെ, തിരിച്ച് വിളിക്കാനുള്ള അധികാരംകൂടി ജനങ്ങൾക്കുണ്ടാകണമെന്ന്, എങ്കിലേ ജനാധിപത്യം പൂർണമാകൂ എന്ന്.

അഴിമതി കണ്ടും അനുഭവിച്ച് മനസ്സ് മടുത്ത ഒരു വ്യവസ്ഥയിലും വിശ്വാസമില്ലാത്ത, ഒരു രാജാവിന് പകരം ഒരു കൂട്ടം രാജാക്കന്മാരുടെ അതും ഇടയ്ക്കിടെ മാറിമാറി ഭരണക്കസേരയിലിരിക്കുന്നവരുടെ, ആശയങ്ങൾക്കും ആഗ്രഹങ്ങൾക്കുമനുസരിച്ച് ജീവിക്കേണ്ടിവരുന്നതിലെ അസഹിഷ്ണുതയുമായി ജനം. ഏതു പാർട്ടി ഭരണത്തിൽ വന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ എന്ന മടുപ്പിലാണവർ.

കടമകൾ നിർവഹിക്കുമ്പോൾ മാത്രമേ അവകാശങ്ങൾക്ക് നാം അർഹരാകൂ എന്ന് ചിന്മയാനന്ദ സ്വാമികൾ പറഞ്ഞ് കേട്ടിട്ടുണ്ട്. അതുപോലെതന്നെയാണ് സ്വാതന്ത്ര്യവും ചുമതലാബോധവും. ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടവയാണ്. എന്താണ് സ്വാതന്ത്ര്യം? തോന്നിയത് തോന്നിയപോലെ ചെയ്യുക എന്നതല്ല അത്. നമ്മൾ ചെയ്യുന്നതും, ചെയ്യാതിരിക്കുന്നതുമായ ഓരോ പ്രവൃത്തിക്കും നാം ബാദ്ധ്യസ്ഥരാവുന്നതാണ് സ്വാതന്ത്ര്യം. ഒരു ദുഷിച്ച ഭരണകൂടമാണ് നമ്മുടേതെങ്കിൽ ആരാണതിനുത്തരവാദികൾ?

പാരമ്പര്യമായി ഭരണത്തിലേക്ക് വരുന്ന ഒരു വ്യവസ്ഥിതിയല്ല നമ്മുടേത്. നാം തിരഞ്ഞെടുത്ത് അയയ്ക്കുന്നവരാണ് നമ്മെ ഭരിക്കാൻ നിയുക്തരാവുന്നത്. ഒഴിമതി സർക്കാരാണ് നമ്മുടെയെങ്കിലതിന്റെ പൂർണ ബാദ്ധ്യത നമുക്ക് മാത്രമാണ്. ഭസ്മാസുരന് വരം കൊടുത്ത പരമശിവനല്ല നാം. അനുഗ്രഹിക്കാൻ മാത്രമല്ല, നിഗ്രഹിക്കാനുള്ള ശക്തികൂടി നമുക്കുണ്ട്. അതൊന്ന് തിരിച്ചറിഞ്ഞാൽ മാത്രം മതി. അതല്ലെങ്കിൽ വേറൊരു പഴഞ്ചൊല്ല് ഓർമ്മ വരുന്നു – ആഗ്രഹിക്കുന്നതല്ല അർഹതപ്പെട്ടതുമാത്രമേ ലഭിക്കൂ. ■